**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4537** **29-10-2021 - ൽ മറുപടിയ്ക്ക്**

**വനം കൈയ്യേറ്റവും വനവിസ്തൃതിയിലുണ്ടായിട്ടുള്ള വ്യതിയാനവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ. ആന്റണി ജോൺ,<br>ശ്രീ ഡി കെ മുരളി,<br>ശ്രീ. പി. മമ്മിക്കുട്ടി | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ വനമേഖലയിൽ പ്രകൃതി ദുരന്തവും കൈയ്യേറ്റവും മൂലം സ്വാഭാവിക വന വിസ്തൃതിയിലുണ്ടായിട്ടുള്ള വ്യതിയാനം ഈ സർക്കാർ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | സംസ്ഥാനത്തെ വനമേഖലയിലെ പ്രകൃതി ദുരന്തവും കൈയ്യേറ്റവും മൂലം സ്വാഭാവിക വനവിസ്തൃതിയിൽ വ്യതിയാനം സംഭവിച്ചിട്ടില്ല. |
| (ബി) | സർക്കാരിന്റെ കണക്കു പ്രകാരം കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ നടന്നിട്ടുള്ള വനം കൈയ്യേറ്റത്തിന്റെ വിശദാംശം ലഭ്യമാക്കുമോ; | (ബി) | കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ സംസ്ഥാനത്ത് ആകെ 990.3074 ഹെക്ടർ വനം കയ്യേറിയതായി കണക്കാക്കിയിട്ടുണ്ട്. ആയതിന്റെ സർക്കിൾ തിരിച്ചുള്ള വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| (സി) | വനം കൈയ്യേറ്റം ഒഴിപ്പിക്കുന്നതിനായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടത്തിയ പ്രവർത്തനങ്ങളുടെ ഫലമായി എത്ര കൈയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് സാധിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ; | (സി) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 242.6354 ഏക്കർ വനഭൂമി കയ്യേറിയത് ഒഴിപ്പിച്ചിട്ടുണ്ട്. |
| (ഡി) | ഈ കാലയളവിൽ കാട്ടുതീ മൂലം ഉൾവനങ്ങൾക്കുണ്ടായിട്ടുള്ള നാശനഷ്ടങ്ങൾ കണക്കാക്കിയിട്ടുണ്ടോ എന്ന് അറിയിക്കുമോ? | (ഡി) | ഈ കാലയളവിൽ കാട്ടുതീ മൂലം ഉൾവനങ്ങൾക്കുള്ളിൽ കാര്യമായ നാശനഷ്ടം ഉണ്ടായിട്ടില്ല. എന്നാൽ, വയനാട് വന്യജീവി സങ്കേതത്തിൽ കാട്ടുതീ മൂലം 61,750/- രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. അടിക്കാടുകൾ കാട്ടുതീ മൂലം നശിച്ചുപോയിട്ടുള്ളത് മഴക്കാലത്ത് പൂർവ്വസ്ഥിതി പ്രാപിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

| **സർക്കിൾ** | **കൈയ്യേറിയ വിസ്തൃതി (ഹെക്ടർ)** |
|---|---|
| സതേൺ സർക്കിൾ, കൊല്ലം | 0 |
| ഹൈറേഞ്ച് സർക്കിൾ, കോട്ടയം | 311.3255 |
| സെൻട്രൽ സർക്കിൾ, തൃശ്ശൂർ | 2.2476 |
| ഈസ്റ്റേൺ സർക്കിൾ, പാലക്കാട് | 45.4465 |
| നോർത്തേൺ സർക്കിൾ, കണ്ണൂർ | 624.635 |
| എ.ബി.പി. തിരുവനന്തപുരം | 0.78 |
| ഫീൽഡ് ഡയറക്ടർ, കോട്ടയം | 4.006 |
| വൈൽഡ് ലൈഫ് സർക്കിൾ, പാലക്കാട് | 1.8668 |
| **ആകെ** | **990.3074** |